## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 136 — 21.01.2014 -ൽ മറുപടി നൽകേണ്ടത്

### പഴക്കംചെന്ന ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. കെ. എൻ. എ. ഖാദർ :<br>ശ്രീ. കെ. എം. ഷാജി :<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്തെ നഗരങ്ങളിലും മുനിസിപ്പാലിറ്റികളിലുമുള്ള പഴക്കംചെന്ന ബഹുനിലകെട്ടിടങ്ങളുടെ കാലാകാലങ്ങളിലെ സുരക്ഷാപരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 411, 433 വകുപ്പുകൾ പ്രകാരം നഗരസഭാ പ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നഗരസഭാ സെക്രട്ടറിയ്ക്ക് നടത്താവുന്നതാണ്. മനുഷ്യവാസത്തിനു പറ്റിയതല്ലെന്നു ബോധ്യമായാൽ പ്രസ്തുത വകുപ്പുകൾ അനുസരിച്ച് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയ ശേഷം പൊളിച്ചു മാറ്റാൻ ഉത്തരവ് പുറപ്പെടുവിയ്ക്കാവുന്നതാണ്. ടി നിയമം നടപ്പാക്കുന്നതിലേയ്ക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതി മൂലമോ അല്ലാതെയോ ശ്രദ്ധയിൽപ്പെടുന്ന സംഗതിയിൽ ടി കെട്ടിടങ്ങൾക്കെതിരെ മേൽ സെക്ഷനുകളിൽ അനുശാസിക്കും വിധമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) | പഴക്കമുള്ള ബഹുനിലമന്ദിരങ്ങൾ തകർന്ന് നിരവധി ജീവനുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സുരക്ഷാപരിശോധനയ്ക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ബഹുനില ഫ്ളാറ്റുകളിലെ നിലകളുടെ പരമാവധി എണ്ണത്തിലും സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിലും കർശന നിബന്ധനകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ബഹുനില ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് ചുറ്റും ഉണ്ടായിരിക്കേണ്ട തുറസ്സായ സ്ഥലം, റോഡിൽ നിന്നുള്ള അകലം, ഉയരം, തുടങ്ങിയവ നിജപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും, കേരള |

പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. കൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVII, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX, എന്നിവയിൽ ഹൈറൈസ് കെട്ടിടങ്ങൾക്കായുള്ള സുരക്ഷാ വ്യവസ്ഥകൾ പ്രതിപാദിക്കുന്നു. ബഹുനില ഫ്ലാറ്റുകളിലെ സുരക്ഷാ സംവിധാനം, കെട്ടിടത്തിന് അനുവദിക്കാവുന്ന ഉയരം എന്നിവ സംബന്ധിച്ച് കർശനമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ ചേർത്തിട്ടുണ്ട്. അതിനനസൃതമായിട്ടാണ് നിലവിൽ നിർമ്മാണാനുമതി നൽകുന്നത്.

സെക്ഷൻ ഓഫീസർ